# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : *202

18-12-2012-ൽ മറുപടിക്ക്

### വൈദ്യുതി താരീഫ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. കെ. സദാശിവൻ<br>,, ഇ. പി. ജയരാജൻ<br>,, എ. പ്രദീപ് കുമാർ<br>ഡോ.കെ.ടി. ജലീൽ | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) അന്താരാഷ്ട്ര നിരക്കനുസരിച്ച് സംസ്ഥാനത്തെ വൈദ്യുതിയുടെ താരീഫും വർദ്ധിപ്പിക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശം സംസ്ഥാനത്ത് നടപ്പാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദമാക്കുമോ; | |
| (ബി) സംസ്ഥാനത്തെ വ്യവസായ-കാർഷിക-ഐ. ടി. മേഖലകളെ ഈ നിർദ്ദേശം ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ), (ബി) & (സി) ഇലക്ട്രിസിറ്റി ആക്ടിലെ വിവിധ വകുപ്പുകൾ അനുസരിച്ച് സംസ്ഥാനത്തെ താരിഫ് നിശ്ചയിക്കുന്നതിനുള്ള പൂർണ്ണ അധികാരം സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനാണ്. അന്താരാഷ്ട്ര നിരക്ക് അനുസരിച്ച് സംസ്ഥാനത്തെ താരിഫ് വർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്ര നിർദ്ദേശങ്ങൾ സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് ലഭിച്ചതായി കാണുന്നില്ല |
| (സി) പെട്രോളിയം ഉല്പന്നങ്ങളുടേത് പോലെ വില അടിക്കടി വർദ്ധിപ്പിക്കുന്ന ഇമ്പോർട്ട് പാരിറ്റി പ്രൈസിംഗ് രീതിക്ക് സമാനമായിട്ടുള്ളതാണ് പുതിയ കേന്ദ്ര നിർദ്ദേശം എന്ന കാര്യം അറിയാമോ; | |

| | |
|---|---|
| (ഡി) 2003–ലെ കേന്ദ്ര വൈദ്യുതി നിയമം നടപ്പിലാക്കിയതിനു ശേഷംവൈദ്യുതി വിലയിലുണ്ടായ വർദ്ധനയെ സംബന്ധിച്ച് വിശദമാക്കാമോ? | (ഡി) 2003-ലെ കേന്ദ്ര വൈദ്യുതി നിയമം നടപ്പിലാക്കിയതിന് ശേഷം കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ രണ്ട് പ്രാവശ്യം അതായത് 2004-09 ലും 2009-14 കാലയളവിലേയ്ക്കും കേന്ദ്ര വൈദ്യുത നിലയങ്ങളുടെയും, കേന്ദ്ര പ്രസരണ യൂട്ടിലിറ്റികളുടെയും നിരക്ക് ഏകദേശം 15% മുതൽ 30% വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് 2004-2009 കാലയളവിൽ കേന്ദ്രനിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ വില ശരാശരി 1.75 രൂപ ആയിരുന്നു. 2011-12 ആയപ്പോഴേക്കും അത് ശരാശരി 3 രൂപയോളമായി വർദ്ധിച്ചു. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ, ഇലക്ട്രിസിറ്റി ആക്ട് നിലവിൽ വന്നതിനു ശേഷം 2012 ജൂലായ് 1 മുതൽ സംസ്ഥാനത്ത് സമഗ്രമായ ഒരു താരിഫ് പരിഷ്കരണം ഏർപ്പെടുത്തിയതു വഴി ഏകദേശം പ്രതിമാസം 130 കോടി രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട്.. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാ...**